**<u>MEDIA BULLETIN</u>**

**Date : 07/02/2020**

കൊറോണ വൈറസ് ബാധ സ്ഥിരീകരിച്ചതിനെ തുടർന്ന് ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഐസൊലേഷൻ വാർഡിൽ ചികിത്സയിൽ കഴിയുന്ന രോഗിയുടെ നില തൃപ്തികരമായി തുടരുന്നു. രോഗലക്ഷണങ്ങളോടെ ആശുപത്രിയിൽ കഴിഞ്ഞിരുന്ന 2 പേരെ ഇന്ന് ഡിസ് ചാർജ്ജ് ചെയ്ത് വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നവരുടെ പട്ടികയിൽ ഉൾപ്പെടുത്തി. ഇന്ന് പുതുതായി 15 പേരെ വീടുകളിൽ നിരീക്ഷണത്തിലാക്കി. നിലവിൽ 2 പേരാണ് ആശുപത്രിയിൽ നിരീക്ഷണത്തിലുള്ളത്. വീടുകളിലും ആശുപത്രികളിലുമായി ആകെ 228 പേർ നിരീക്ഷണത്തിലുണ്ട്. ആകെ 35 സാംപിളുകൾ പരിശോധനയ്ക്ക് അയച്ചതിൽ 34 പേരുടേയും റിസൾട്ടുകൾ ലഭിച്ചു. 33 എണ്ണം നെഗറ്റീവ് ആണ്. ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ നേതൃത്വത്തിൽ ആലപ്പുഴ റെയിൽവേ സ്റ്റേഷൻ, KSRTC ബസ് സ്റ്റാൻറ്, ആലപ്പുഴ ബീച്ച് എന്നിവടങ്ങളിൽ കൊറോണയുമായി ബന്ധപ്പെട്ട ലഘുനാടകം നടത്തി. ജില്ലയിൽ 14 ഗ്രാമസഭകളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു. ജനപ്രതിനിധികൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശ അംഗൻവാടി പ്രവർത്തകർ, തൊഴിലുറപ്പ് തൊഴിലാളികൾ,ഇതര സംസ്ഥാന തൊഴിലാളികൾ എന്നിവർക്കായി 21 ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു. ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ ഭാഗമായി നിരീക്ഷണത്തിൽ ഉള്ള 33 പേർക്ക് ടെലികൌൺസിലിംഗ് നടത്തി. കൊറോണയുമായി ബന്ധപ്പെട്ട് 14 സ്കൂളുകളിൽ ബോധവൽക്കരണ ക്ലാസുകൾ നടത്തി. ആശുപത്രി ജീവനക്കാർ, പാരാമെഡിക്കൽ ജീവനക്കാർ, ആശ പ്രവർത്തകർ എന്നിവർക്കായി നടത്തിയ പരിശീലന പരിപാടിയിൽ 2137 പേർ പങ്കെടുത്തു. പൊതുജനങ്ങളുടെ അറിവിലേക്കായി 16,000 നോട്ടീസുകളും. പോസ്റ്ററുകളും തയ്യാറാക്കി വിതരണം ചെയ്തു.

വിവിധ തലങ്ങളിൽ വിവിധ മാർഗ്ഗങ്ങളിലൂടെ ശക്തമായി ബോധവൽക്കരണ പ്രവർ
നങ്ങൾ നടന്നുവരുന്നു. ജനങ്ങൾ ആരോഗ്യ വകുപ്പ് നൽകുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിച്ച് രോഗപ്രതിരോധ പ്രവർത്തനങ്ങളിൽ പങ്കാളികളാകേണ്ട
താണ്.

ജില്ല കളക്ടർ